പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്തെ എല്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതല്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചില റോഡുകളിൽ കേടുപാടുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ അതാത് സമയങ്ങളിൽ ചെയ്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഇടർച്ചയായി ഉണ്ടാകുന്ന അപ്രതീക്ഷിത മഴ അറ്റകുറ്റപ്പണികളെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ വർഷം റെക്കോർഡ് മഴയാണ് സംസ്ഥാനത്ത് ലഭിച്ചത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് നവീകരണാവശ്യത്തിനായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം ഈ വർഷം ഇതുവരെ ലഭിക്കാത്തത് ഒരു പരിധി വരെ നിരത്ത് വിഭാഗത്തിന്റെ നവീകരണ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരുടെ കുടിശ്ശിക നൽകാത്തത് അറ്റകുറ്റപ്പണികളെ ബാധിച്ചിട്ടില്ല. കൂടാതെ, കെ.എസ്.ടി.പി.II പദ്ധതിക്ക് നവീകരണത്തിന് ആവശ്യമായ ഫണ്ട് യഥാസമയം സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടില്ല.

(ഇ) 31-7-2014 വരെയുള്ള കരാറുകാരുടെ കുടിശ്ശിക കൊടുത്ത് തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ കരാറുകാർക്ക് നിലവിൽ (8/2014 മുതൽ 6/2015 വരെ) 1246.52 കോടി രൂപയും, ദേശീയപാത വിഭാഗത്തിലെ കരാറുകാർക്ക് നിലവിൽ 39.78 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. കെ.എസ്.ടി.പി.-II പദ്ധതിയിൽ കരാറുകാർക്ക് കുടിശ്ശികയൊന്നും നൽകാനില്ല.

പുതിയ ഹയർസെക്കന്ററി സ്കൂളുകൾ

9(* 99) ശ്രീ. ജി. സുധാകരൻ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; നേരത്തെ ഹൈക്കോടതി അനുമതി നിഷേധിച്ച സ്കൂളുകളുടെ പേരും പുതിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഒരു പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നുണ്ടോ;

(സി) നാല് ഹൈസ്കൂളുകളിൽ പ്രത്യേകമായി പ്ലസ് ടു അനുവദിക്കുന്നതിന് നീക്കം നടത്തുന്നുണ്ടോ; ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പു മന്ത്രിക്ക് കത്തു നൽകുകയുണ്ടായോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു;

(ഇ) നേരത്തെ ഹൈക്കോടതി അനുമതി നിഷേധിച്ച ലിസ്റ്റിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് വീണ്ടും പ്ലസ് ടു നൽകാനുള്ള നീക്കം നടക്കുന്നുണ്ടോ;

(എഫ്) ഹയർസെക്കണ്ടറി സ്കൂൾ അനുവദിക്കുന്നതിന് പിന്നിൽ വൻ കോഴ ഇടപാട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ബാധകമല്ല.

(ബി) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഏറ്റവും അവസാനമായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചത് 11-6-2013-ലെ സ.ഉ. (കൈ) നമ്പർ 185/13/പൊ.വി. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.* പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല

(സി) ഇല്ല. ബാധകമല്ല.

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധം -II ആയി ചേർക്കുന്നു.*

(ഇ) ഇല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly